# വി. അൽഫോൻസാമ്മയോടുള്ള
## മദ്ധ്യസ്ഥ പ്രാർത്ഥന



*Published by:*
St. Alphonsa Church
Bharananganam P.O. - 686 578
Tel: 04822 - 236244

***Imprimatur***
**Mar Joseph Kallarangattu**
Bishop of Pala



## ഉള്ളടക്കം

1. ലഘുജീവചരിത്രം ........................ 03
2. മദ്ധ്യസ്ഥ പ്രാർത്ഥന – ആഘോഷാവസരങ്ങളിൽ ............. 08
3. പ്രധാന തിരുനാളിനോടനുബന്ധിച്ചുള്ള പ്രാർത്ഥനകൾ....24
    1. ഒന്നാം ദിവസം: സഹനദാസി ........................ 24
    2. രണ്ടാം ദിവസം: സമ്പൂർണ്ണ സമർപ്പണം ................. 27
    3. മൂന്നാം ദിവസം: ദൈവസ്നേഹം ........................ 30
    4. നാലാം ദിവസം: പരസ്നേഹം ........................ 33
    5. അഞ്ചാം ദിവസം: വിനയം ........................ 36
    6. ആറാംദിവസം: ദൈവസാന്നിദ്ധ്യാവബോധം ............ 39
    7. ഏഴാംദിവസം: ദൈവത്തിലുള്ള പ്രത്യാശ ............... 42
    8. ഏട്ടാംദിവസം: ദൈവമാതൃഭക്തി ........................ 45
    9. ഒൻപതാം ദിവസം: സ്വർഗ്ഗോന്മുഖ ജീവിതം ............ 48
4. മദ്ധ്യസ്ഥ പ്രാർത്ഥന – സാധാരണ ദിവസങ്ങളിൽ ............. 51
5. അൽഫോൻസാ സൂക്തങ്ങൾ ........................ 57
6. പ്രത്യേക ശ്രദ്ധയ്ക്ക് ........................ 64

# വിശുദ്ധ അൽഫോൻസാ (F.C.C.)

## *(ലഘുജീവചരിത്രം)*

കേരളത്തിൽ കോട്ടയത്തിനടുത്തുള്ള കുടമാളൂർ ഇടവകയിൽ മുട്ടത്തുപാടത്ത് കുടുംബത്തിൽ ജോസഫിന്റെയും മേരിയുടേയും നാലാമത്തെ സന്താനമായി 1910 ഓഗസ്റ്റ് 19-ാം തീയതി അന്നക്കുട്ടി ജനിച്ചു. 1910 ഓഗസ്റ്റ് 27-ാം തീയതി കുടമാളൂർ പള്ളിയിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. അമ്മയുടെ അകാലചരമത്തെത്തുടർന്ന്, കേവലം 3 മാസം പ്രായമുള്ള അന്നക്കുട്ടി, മാതൃസഹോദരി മുട്ടുചിറ മുരിക്കൻ അന്നമ്മയുടെ സംരക്ഷണത്തിലായി.

ഏകദേശം മൂന്നുവയസ്സുള്ളപ്പോൾ രോഗം പിടിപെടുകയാൽ ചികിത്സാർത്ഥം അന്നക്കുട്ടിയെ കുടമാളൂരിലേക്ക് തിരികെ കൊണ്ടുപോകുകയും സിദ്ധവൈദ്യനായ



സ്വന്തം പിതാവിന്റെ ചികിത്സയിൽ അവൾ പൂർണ്ണസൗഖ്യം പ്രാപിക്കുകയും ചെയ്തു.

1916 മെയ് 16-ാം തീയതി അന്നക്കുട്ടി കുടമാളൂരിനടുത്തുള്ള ആർപ്പൂക്കര തൊണ്ണൻകുഴി ഗവ.സ്കൂളിൽ ചേർന്നു. 1917 നവംബർ 27-ാം തീയതി കുടമാളൂർ പള്ളിയിൽ വച്ച് പ്രഥമദിവ്യകാരുണ്യ സ്വീകരണം നടത്തി.

മൂന്നാം ക്ലാസ്സ് കഴിഞ്ഞ് തുടർന്നുള്ള പഠനത്തിനായി അന്നക്കുട്ടിയെ മാതൃസഹോദരി അന്നമ്മ വീണ്ടും മുട്ടുചിറയിലേക്കു കൊണ്ടുവന്നു. അവിടെ ഗവ.സ്കൂളിൽ ഏഴാം ക്ലാസ്സ്വരെ വിദ്യാഭ്യാസം നടത്തി. അക്കാലത്ത് മാതൃസഹോദരിയിൽ നിന്ന് അന്നക്കുട്ടിക്ക് ലഭിച്ച ശിക്ഷണം, അനുസരണത്തിന്റെയും സ്നേഹത്തിന്റെയും വിവേകത്തിന്റേയും വിത്തുകൾ അവളിൽ പാകി. സുന്ദരിയും സുശീലയും ഭക്തയും വിവേകമതിയുമായി വളർന്നുവന്ന ആ പെൺകുട്ടി സഹപാ



ഠികൾക്കും അയൽക്കാർക്കും അദ്ധ്യാപകർക്കും കണ്ണിലുണ്ണിയായി മാറി.

സന്ന്യാസിനിയാകണമെന്നുള്ള ആഗ്രഹം ചെറുപ്പംമുതൽ അവളിൽ രൂഢമൂലമായിരുന്നു. എന്നാൽ സുന്ദരിയായ അന്നക്കുട്ടിയെ ഒരു നല്ല കുടുംബത്തിൽ വിവാഹം ചെയ്തയയ്ക്കാനാണ് പേരമ്മ ആഗ്രഹിച്ചത്. ഒരു വിവാഹം ഉറപ്പിക്കുകയും ചെയ്തു. മനസ്സമ്മതത്തിന് പോകേണ്ട ദിവസമായി. വിവാഹത്തിൽ നിന്നു രക്ഷപെടുന്നതിന് വീടിന്റെ പിൻഭാഗത്തുള്ള ചാരക്കുഴിയിലെ കനലിൽ, കാൽ അല്പം പൊള്ളിക്കാൻ അന്നക്കുട്ടി തീരുമാനിച്ചു. പക്ഷേ ഈ ശ്രമത്തിൽ അവൾ തീയിലേയ്ക്ക് വഴുതിവീണ് രണ്ടുകാലും പൊള്ളുന്നതിനിടയായി. അതോടെ വിവാഹം മുടങ്ങി. സന്ന്യാസിനിയാകാൻ അങ്ങനെ അവൾക്ക് അനുമതി കിട്ടി.

1927-ലെ പന്തക്കുസ്താനാളിൽ അന്നക്കുട്ടി ഭരണങ്ങാനത്തുള്ള ഫ്രാൻസിസ്കൻ ക്ലാരസഭയിൽ ചേർന്നു. 1928 ആഗസ്റ്റ് 2-ാം തീയതി അവൾ ശിരോവസ്ത്രം സ്വീകരിച്ച് 'അൽഫോൻസാ' ആയി. ഉപരിപഠനത്തിനുശേഷം 1930 മെയ് 19-ാം തീയതി അവൾ സഭാവസ്ത്രം സ്വീകരിച്ചു. 1932-ൽ കുറച്ചുകാലം വാകക്കാട് സ്കൂളിൽ അദ്ധ്യാപികയായി ജോലിനോക്കി. ഒരുവർഷത്തെ കാനോനിക നോവിഷ്യറ്റിനുശേഷം 1936 ആഗസ്റ്റ് 12-ാം തീയതി നിത്യവ്രതവാഗ്ദാനം ചെയ്ത് സിസ്റ്റർ അൽഫോൻസാ, ഈശോയുടെ സ്വന്തമായിത്തീർന്നു.

കന്യകാലയത്തിൽ പ്രവേശിച്ചതുമുതൽ മരണംവരെ സിസ്റ്റർ അൽഫോൻസാ രോഗിണിയായിരുന്നു. കഠോരമായ രോഗങ്ങളാലും മാനസികവേദനയാലും അവൾ നിരന്തരം പീഡിപ്പിക്കപ്പെട്ടിരുന്നു. ഈശോയോടുള്ള സ്നേഹത്താൽ നിറഞ്ഞ്, തന്റെയും മറ്റുള്ളവരുടെയും വിശുദ്ധീകരണത്തിനായി, തന്റെ എല്ലാ സഹനങ്ങളും കാഴ്ചവച്ചു. ഒരിക്കലും ഒന്നിനും പരാതിപ്പെട്ടിരുന്നില്ല. അൽഫോൻസായുടെ സഹനജീവിതത്തെ 'സ്നേഹബലി' എന്ന ഒറ്റവാക്കിൽ സംഗ്രഹിക്കാം.

1946 ജൂലൈ 28-ാം തീയതി അൽഫോൻസാ തന്റെ സഹനബലി പൂർത്തിയാക്കിക്കൊണ്ട്, സഹനത്തിന്റെ മഹത്വകിരീടം പ്രാപിക്കാനായി മാലാഖാമാരുടെ നാട്ടിലേയ്ക്ക് പറന്നുപോയി.

2.12.1953-ൽ 'ദൈവദാസി', 6.11.1984-ൽ 'ധന്യ', 8.2.1986-ൽ 'വാഴ്ത്തപ്പെട്ടവൾ' എന്നിങ്ങനെ പടിപടിയായി ഉയർത്തിക്കൊണ്ട് തിരുസ്സഭ അൽഫോൻസാമ്മയുടെ വിശുദ്ധിയെ അംഗീകരിച്ചു.

അവസാനം, 12.10.2008-ൽ പരിശുദ്ധ പിതാവ് ബനഡിക്ട് 16-ാമൻ, അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചു.

# ആഘോഷാവസരങ്ങളിൽ അൽഫോൻസാമ്മയോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

## പ്രാരംഭഗാനം

(*അദ്ധ്വാനിക്കുന്നവർക്കും എ.മ.*)

അൽഫോൻസാമ്മയെ നിത്യം
അത്ഭുത സിദ്ധി നല്കി
ആദരിച്ച ദൈവമേ,
വാഴ്ത്തുന്നു നിന്നെ ഞങ്ങൾ

അൽഫോൻസാമ്മ വഴിയായ്
അർത്ഥിക്കും ദാസർക്കായ് നീ
ദാനങ്ങൾ വർഷിച്ചാലും
സ്നേഹേശാ ഈശോ നാഥാ..

(അൽഫോൻസാമ്മയെ.....)

# പ്രാരംഭപ്രാർത്ഥന

**കാർമ്മി:** സ്നേഹപിതാവായ ദൈവമേ, ഞങ്ങളെ ഓരോരുത്തരെയും തിരുസ്സന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങയുടെ വത്സലപുത്രന്റെ മണവാട്ടിയും ഞങ്ങളുടെ സഹോദരിയുമായ അൽഫോൻസാമ്മയെ വിശുദ്ധിയിലേക്കുയർത്തിയ അങ്ങയുടെ കാരുണ്യത്തെ ഞങ്ങൾ ഏറ്റുപറഞ്ഞ് സ്തുതിക്കുകയും അങ്ങേയ്ക്ക് നന്ദി പറയുകയും ചെയ്യുന്നു. ഞങ്ങളെ അനന്തമായി സ്നേഹിക്കുന്ന ദൈവമേ, സഹനത്തിന്റേയും ത്യാഗത്തിന്റേയും സ്നേഹത്തിന്റേയും പാതയിലൂടെ സ്വജീവിതത്തെ സമർപ്പിച്ച വി. അൽഫോൻസായെ അനുകരിച്ച് ഞങ്ങളുടെ ജീവിതത്തെയും പുണ്യപാതയിലൂടെ നയിക്കുവാൻ അനുഗ്രഹിക്കണമേ. ഞങ്ങളെത്തന്നെ വിശുദ്ധീകരിച്ചുകൊണ്ട് അങ്ങയുടെ സന്നിധി



യിൽ യോഗ്യതയോടെ പ്രാർത്ഥിക്കുവാൻ ഞങ്ങളെ ശക്തരാക്കുകയും ചെയ്യണമേ.

ആമ്മേൻ.

## സങ്കീർത്തനം 25/1-10

(കാർമ്മികനും സമൂഹവും രണ്ടുഗണമായി ചൊല്ലുന്നു)

1. കർത്താവേ, എന്റെ ആത്മാവിനെ അങ്ങയുടെ സന്നിധിയിലേയ്ക്ക് ഞാൻ ഉയർത്തുന്നു.

2 ദൈവമേ, അങ്ങയിൽ ഞാൻ ആശ്രയിക്കുന്നു.

1. കർത്താവേ, അങ്ങയുടെ മാർഗ്ഗങ്ങൾ എനിക്കു മനസ്സിലാക്കിത്തരണമേ, അങ്ങയുടെ പാതകൾ എന്നെ പഠിപ്പിക്കണമേ.

2. അങ്ങയുടെ സത്യത്തിലേക്ക് എന്നെ നയിക്കണമേ, എന്തെന്നാൽ അങ്ങാണല്ലോ എന്നെ രക്ഷിക്കുന്ന ദൈവം.



1. അങ്ങേക്കുവേണ്ടി ദിവസംമുഴുവൻ ഞാൻ കാത്തിരിക്കുന്നു.

2. കർത്താവേ, പണ്ടുമുതലേ അങ്ങു ഞങ്ങളോടു കാണിച്ച കാരുണ്യവും വിശ്വസ്തതയും അനുസ്മരിക്കണമേ.

1. എന്റെ യൗവനത്തിലെ പാപങ്ങളും അതിക്രമങ്ങളും അങ്ങ് ഓർക്കരുതേ!

2 കർത്താവേ, അങ്ങയുടെ അചഞ്ചല സ്നേഹത്തിനനുസൃതമായി കരുണാപൂർവ്വം എന്നെ അനുസ്മരിക്കണമേ.

1. കർത്താവ് നല്ലവനും നീതിമാനുമാണ്. പാപികൾക്ക് അവിടുന്ന് നേർവഴികാട്ടുന്നു.

2. എളിയവനെ അവിടുന്ന് നീതിമാർഗ്ഗത്തിൽ നയിക്കുന്നു. വിനീതരെ തന്റെ വഴി പഠിപ്പിക്കുന്നു.

1. കർത്താവിന്റെ ഉടമ്പടിയും പ്രമാണങ്ങളും പാലിക്കുന്നവർക്ക് അവിടുത്തെ വഴികൾ സത്യവും സ്നേഹവുമാണ്.

2. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## പ്രാർത്ഥിക്കാം

**കാർമ്മി:** പിതാവായ ദൈവമേ, (എല്ലാവരും ചേർന്ന്) ഞങ്ങളോടുള്ള സ്നേഹത്തെ പ്രതി/അവിടുത്തെ തിരുക്കുമാരനായ ഈശോയെ/ഞങ്ങൾക്ക് രക്ഷകനായി നല്കിയല്ലോ. ഈശോയുടെ മാതൃകയിൽ/സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും/സഹനത്തിന്റെയും പാത സ്വീകരിച്ച്/ സ്വയം ബലിയായി ത്തീരുവാൻ/അൽഫോൻസാമ്മയെ അങ്ങ് സജ്ജയാക്കിയല്ലോ/"ഗോതമ്പുമണി നിലത്തു വീണ് അഴിയുന്നില്ലെങ്കിൽ/അതു വെറുതെയിരിക്കുന്നു. അഴിയുന്നെങ്കിലോ/അത് വളരെ



ഫലം പുറപ്പെടുവിക്കുന്നു"/ എന്ന് അരുളിച്ചെയ്ത ഈശോനാഥാ, അങ്ങയുടെ ആഹ്വാനമനുസരിച്ച്/സ്വയം ഇല്ലാതായി/ മഹത്ത്വത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ/ വിശുദ്ധ അൽഫോൻസായെ അനുഗ്രഹിച്ച/ അങ്ങയുടെ അനന്തകാരുണ്യത്തിന്/ഞങ്ങൾ നന്ദി പറയുന്നു. രക്ഷകനായ ഈശോയേ,/ അങ്ങയെ സ്നേഹിക്കുവാനും/അവിടുത്തെ പദ്ധതികളോട്/പൂർണ്ണമായി സഹകരിക്കുവാനും/ഞങ്ങളെ സഹായിക്കണമേ. ദൈവഹിതം കണ്ടെത്തി സ്വയം സമർപ്പിച്ച/ വിശുദ്ധ അൽഫോൻസാമ്മേ/ഞങ്ങൾക്കു വേണ്ടി മാദ്ധ്യാസ്ഥ്യം വഹിക്കണമേ.

ആമ്മേൻ



## കാറോസൂസ

**കാർമ്മി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടുംകൂടെ നമ്മുടെ ജീവിതങ്ങളെ ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട്, അൽഫോൻസാമ്മേ, ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിക്കാം.

*അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.*

*അല്ലെങ്കിൽ*

*ഗാനം. അൽഫോൻസാമ്മേ, പ്രാർത്ഥിക്കണേ*
*സുകൃതസുമങ്ങൾ പൊഴിക്കണമേ*

**കാർമ്മി:** സഹനവും ത്യാഗവുംവഴി ഈശോയുടെ സ്നേഹത്തിന് സാക്ഷ്യം വഹിച്ച അൽഫോൻസാമ്മേ, ഞങ്ങളുടെ എല്ലാ ജീവിതക്ലേശങ്ങളിലും ദുഃഖങ്ങളിലും ദൈവഹിതം ദർശിക്കുവാനും അവിടുത്തെ

പരിപാലനയിൽ ആശ്രയിച്ച് വിശ്വാസത്തോടെ ജീവിക്കുവാനും ഞങ്ങൾ ശക്തരാകുവാൻ.....

അൽഫോൻസാമ്മേ......

**കാർമ്മി**: കാൽവരിയിലെ കുരിശിൽ സ്വയം സമർപ്പിച്ച ഈശോയെ അനുകരിച്ചു കൊണ്ട് സ്വയംബലിവസ്തുവായി ഹോമിക്കപ്പെടുവാൻ അഭിലഷിച്ച അൽഫോൻസാമ്മേ, ഞങ്ങളുടെ ജീവിതങ്ങളെയും സ്നേഹത്തിന്റെയും സ്വയംദാനത്തിന്റേയും നിരന്തരബലിയായി സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരാകുവാൻ......

അൽഫോൻസാമ്മേ......

**കാർമ്മി**: ''ഞാൻ എന്നെ മുഴുവനും കർത്താവിന് വിട്ടുകൊടുത്തിരിക്കുകയാണ് അവിടുത്തെ ഇഷ്ടംപോലെ എന്നോട് ചെയ്തുകൊള്ളട്ടെ'' എന്ന് ഏറ്റുപറഞ്ഞ അൽഫോൻസാമ്മേ, പ്രാർത്ഥനാ ചൈതന്യവും വിശ്വാസതീക്ഷ്ണതയും പ്രത്യാശയും നിറഞ്ഞ ജീവിതത്തിലൂടെ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിന് ഞങ്ങൾ പ്രാപ്തരാകുവാൻ.....

അൽഫോൻസാമ്മേ......

**കാർമ്മി**: "എനിക്ക് എന്റെ ഈശോയെ മാത്രം മതി, മറ്റൊന്നും എനിക്കു വേണ്ടാ" എന്ന് ഏറ്റുപറഞ്ഞ അൽഫോൻസാമ്മേ, ഞങ്ങളുടെ യുവതീയുവാക്കളും വിദ്യാർത്ഥിനീവിദ്യാർത്ഥികളും അങ്ങേ മാതൃകയനുസരിച്ച്, നന്മയിലും വിശുദ്ധിയിലും വളരുവാനും ജീവിതമൂല്യങ്ങളിലും സന്മാർഗ്ഗത്തിലും ദൈവവിശ്വാസത്തിലും അടിയുറച്ച് ഉചിതമായ ജീവിതാന്തസ്സ് കണ്ടെത്തി ജീവിക്കുവാനും....

അൽഫോൻസാമ്മേ.....

**കാർമ്മി**: ''എല്ലാവരോടും എനിക്കു സ്നേഹമാണ്. ആരെയും വെറുക്കാൻ എനിക്ക് ഒരിക്കലും കഴിയുകയില്ല'' എന്ന് ഉദ്ഘോഷിച്ച അൽഫോൻസാമ്മേ, ഞങ്ങളുടെ നാടിന്റേയും രാജ്യത്തിന്റേയും ഐശ്വര്യത്തിനും അഭിവൃദ്ധിക്കും വേണ്ടിയും ഭരണാധികാരികളുടെ നന്മയ്ക്കും ക്ഷേമത്തിനും വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

അൽഫോൻസാമ്മേ.....

**കാർമ്മി**: തിരുസ്സഭയെയും തിരുസ്സഭാധികാരികളെയും ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത അൽഫോൻസാമ്മേ, സഭയുടെ തലവനായ പരിശുദ്ധപിതാവിനെയും എല്ലാ സഭാദ്ധ്യക്ഷന്മാരെയും വൈദികർ, സന്ന്യാസിനീസന്യാസികൾ, അൽമായ പ്രേഷിതർ എന്നിവരെയും പരിപാലിക്കുവാനും ആത്മീയ നന്മകളാലും ദൈവിക സുകൃതങ്ങളാലും നിറഞ്ഞ് അവർ ദൈവത്തെ മഹത്ത്വപ്പെടുത്തുവാനും....

അൽഫോൻസാമ്മേ.....

(മൗനപ്രാർത്ഥന, കൃതജ്ഞതാർപ്പണം)

## നമുക്കു പ്രാർത്ഥിക്കാം

**കാർമ്മി:** "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ" എന്നരുളിച്ചെയ്ത ഈശോനാഥാ, ഞങ്ങളുടെ ജീവിതാനുഭവങ്ങളാകുന്ന കുരിശുകളെ അങ്ങയുടെ സന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും അറിയുന്ന കാരുണ്യവാനായ കർത്താവേ, അൽഫോൻസാമ്മ വഴി അങ്ങയുടെ സന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥനകൾ പ്രത്യേകിച്ച് ഇന്ന് ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രത്യേക ആവശ്യം (............) കരുണാപൂർവ്വം സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ. അവിടുത്തെ തൃക്കരം നീട്ടി ഞങ്ങളെ ആശീർവദിക്കുകയും ഞങ്ങ



ളെയും ഞങ്ങളുടെ കുടുംബാംഗങ്ങളെയും ഞങ്ങളുടെ ഇടവകസമൂഹത്തെയും അങ്ങയുടെ സന്നിധിയിൽ ഞങ്ങൾ സമർപ്പിച്ചു പ്രാർത്ഥിക്കുന്ന എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കയും ചെയ്യണമേ.

ആമ്മേൻ

## അൽഫോൻസാമ്മയുടെ പ്രാർത്ഥന

*(കാർമ്മികൻ ചൊല്ലിക്കൊടുക്കുന്നു)*

ഓ! ഈശോനാഥാ/അങ്ങേ ദിവ്യഹൃദയത്തിലെ മുറിവിൽ/എന്നെ മറയ്ക്കേണമേ. സ്നേഹിക്കപ്പെടുവാനും/വിലമതിക്കപ്പെടുവാനും ഉള്ള എന്റെ ആശയിൽ നിന്ന്/എന്നെ വിമുക്തയാക്കണമേ/കീർത്തിയും ബഹുമാനവും സമ്പാദിക്കണമെന്നുള്ള ദുഷിച്ച ഉദ്യമ



ത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. ഒരു പരമാണുവും/അങ്ങേ ദിവ്യഹൃദയത്തിലെ/സ്നേഹാഗ്നിജ്വാലയിലെ ഒരു പൊരിയും ആകുന്നതുവരെ/എന്നെ എളിമപ്പെടുത്തണമേ/സൃഷ്ടികളെയും എന്നെത്തന്നെയും/മറന്നു കളയുന്നതിനുള്ള അനുഗ്രഹം/എനിക്കു തരണമേ. പറഞ്ഞറിയിക്കാൻ വയ്യാത്ത മാധുര്യമായ എന്റെ ഈശോയേ/ലൗകികാശ്വാസങ്ങളെല്ലാം എനിക്ക് കയ്പായി പകർത്തണമേ/നീതിസൂര്യനായ എന്റെ ഈശോയേ/നിന്റെ ദിവ്യ കതിരിനാൽ/എന്റെ ബോധത്തെ തെളിയിച്ച്/ബുദ്ധിയെ പ്രകാശിപ്പിച്ച്/ഹൃദയത്തെ ശുദ്ധീകരിച്ച്/നിന്റെ നേർക്കുള്ള സ്നേഹത്താൽ എരിയിച്ച്/എന്നെ നിന്നോട് ഒന്നിപ്പിക്കണമേ.

ആമ്മേൻ

## സമാപനാശീർവ്വാദം

"എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു, ഞാൻ നല്കുന്ന സമാധാനം നിങ്ങളിൽനിന്ന് എടുത്തുകളയാൻ ആർക്കും സാധ്യമല്ല" എന്നരുളിച്ചെയ്ത കർത്താവീശോമിശിഹാ തന്റെ സമാധാനത്താൽ നിങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കട്ടെ. വി. അൽഫോൻസായെ സ്വർഗ്ഗീയഫലങ്ങളാൽ നിറച്ച കർത്താവ് തന്റെ അനുഗ്രഹത്താൽ നമ്മെയും സന്തുഷ്ടരാക്കട്ടെ. എല്ലാവിധ ക്ലേശങ്ങളിലും രോഗങ്ങളിലും അസ്വസ്ഥതകളിലുംനിന്ന് മോചനം നല്കി അവിടുന്ന് നിങ്ങളെ ആശ്വസിപ്പിക്കട്ടെ. ദൈവതിരുമനസ്സ് ഗ്രഹിക്കുവാനും പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് ജീവിക്കുവാനും ആത്മീയഫലങ്ങളാൽ നിറയുവാനും അവിടുന്ന് നിങ്ങളെ ശക്തരാക്കട്ടെ. വി. അൽഫോൻസായുടെ മാതൃകയിൽ



ദൈവസന്നിധിയിൽ, പ്രത്യാശയും സമർപ്പണബോധവും വിശ്വാസവും ഉള്ളവരായി ജീവിക്കുവാനും വിശുദ്ധിയിൽ വളർന്ന് നന്മകൾ പുറപ്പെടുവിക്കുവാനും അവിടുന്ന് നിങ്ങളെ പ്രാപ്തരാക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും, ആമ്മേൻ.

## സമാപനഗാനം

*(യേരുശലേമിലെ വൻമലമേൽ എ.മ.)*

ഈശോതൻ പ്രിയദാസി അൽഫോൻസാ
സഹനത്തിൻ സാക്ഷിയാം അൽഫോൻസാ
വിശുദ്ധിതൻ പരിമളസൂനമതായ്
വിളങ്ങിടുന്നമ്മേ, സമർപ്പിക്കുന്നേൻ

അൽഫോൻസാമ്മേ, പ്രാർത്ഥിക്കണേ
ഈശോതൻ സവിധേ ഞങ്ങൾക്കായ്



ഗോതമ്പുമണിപോൽ അഴിയാനും
സ്നേഹത്തിൽ പുതുജീവൻ പകരാനും
ജീവിതക്ലേശങ്ങൾ സമചിത്തരായ്
നേരിടാനും കൃപ ചൊരിയണമേ

അൽഫോൻസാമ്മേ....
ഈശോതൻസവിധേ.....

ഈശോതൻ സ്നേഹത്തിൽ വളരാനും
ദൈവിക സുകൃതങ്ങൾ നിറയാനും
സോദര സ്നേഹത്തിൽ നിർമ്മലരായ്
ജീവിക്കാനും കൃപ ചൊരിയണമേ.

അൽഫോൻസാമ്മേ.....
ഈശോതൻ സവിധേ.....

# പ്രധാന തിരുനാളിനോട് അനുബന്ധിച്ചുള്ള നവനാൾ പ്രാർത്ഥന

## ഒന്നാം ദിവസം

സഹനദാസി

*ആഘോഷാവസരങ്ങളിലെ പ്രാർത്ഥനകൾ പേജ് 8 മുതൽ 13 വരെ*

ദൈവവചനമായ മിശിഹായേ സജീവവും ജീവദായകവുമായ അങ്ങയുടെ വചനങ്ങൾ ഗ്രഹിക്കുന്നതിന് ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കണമേ. അതുവഴി ഞങ്ങൾ സത്ഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ജീവനും രക്ഷയും പ്രാപിക്കുന്നവരുമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

ആമ്മേൻ



ലേഖനം ഹെബ്രാ. 12:4-1

സുവിശേഷം - മർക്കോസ് 8/31-38

(ഒരുമിനിറ്റ് വചനമനനം)

നിത്യപിതാവിന്റെ തിരുഹിതം നിറവേറ്റി കാൽവരിയിൽ ജീവൻ ബലിയർപ്പിച്ച സ്നേഹനാഥാ, അങ്ങയുടെ അനന്തമായ സ്നേഹത്തിനും പരമമായ കാരുണ്യത്തിനും മഹനീയമായ രക്ഷാകർമ്മത്തിനും ഞങ്ങൾ നന്ദി പറയുന്നു. ‘‘ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ചു തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ’’ എന്ന അങ്ങയുടെ വചനം ആത്മാർത്ഥമായി സ്വീകരിക്കുവാൻ വിശുദ്ധ അൽഫോൻസായ്ക്ക് സാധിച്ചുവല്ലോ. “കർത്താവിന്റെ കുരിശിന്റെ ഓഹരി എനിക്കുണ്ട്, ഞാൻ കർത്താവിനോടുകൂടി കുരിശി



ലാണ്’’ എന്ന് ഉദീരണം ചെയ്തുകൊണ്ട് തന്റെ ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളെയും സമൂഹജീവിതത്തിന്റെ ക്ലേശങ്ങളെയും ശാരീരിക രോഗങ്ങളുടെ വ്യഥകളെയും സന്തോഷപൂർവ്വം നിത്യപിതാവിന് ബലിയായി സമർപ്പിച്ച അൽഫോൻസാമ്മയുടെ മാതൃക അനുകരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ അനുദിന ജീവിതത്തിലെ ക്ലേശങ്ങളാകുന്ന കുരിശുകളെ അങ്ങേയ്ക്ക് പ്രീതികരവും സ്വീകാര്യവും പരിശുദ്ധവുമായ ബലിയായി അർപ്പിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

ആമ്മേൻ

*(തുടർന്ന് കാറോസൂസാ, സമാപനപ്രാർത്ഥനകൾ)*

# രണ്ടാം ദിവസം

## സമ്പൂർണ്ണസമർപ്പണം

**പ്രാരംഭം** : ആഘോഷാവസരങ്ങളിലെ പ്രാർത്ഥനകൾ പേജ് 8 മുതൽ 13 വരെ

ദൈവവചനമായ മിശിഹായേ, സജീവവും ജീവദായകവുമായ അങ്ങയുടെ വചനങ്ങൾ ഗ്രഹിക്കുന്നതിന് ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കണമേ. അതുവഴി ഞങ്ങൾ സത്ഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ജീവനും രക്ഷയും പ്രാപിക്കുന്നവരുമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

ആമ്മേൻ



ലേഖനം ഫിലിപ്പി. 3/7-11

സുവിശേഷം : 19/16-26

(ഒരുമിനിറ്റ് വചനമനനം)

"എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതാണ് എന്റെ ഇഷ്ടം" എന്നരുളിച്ചെയ്ത കർത്താവായ ഈശോയേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. "എന്നെ മുഴുവനും ഞാൻ എന്റെ കർത്താവിന് വിട്ടുകൊടുത്തിരിക്കുകയാണ്" എന്ന് ഏറ്റുപറഞ്ഞു ജീവിച്ച വിശുദ്ധ അൽഫോൻസാ ഞങ്ങളുടെ ജീവിതത്തിന്റെ മാതൃകയും വഴികാട്ടിയുമാണല്ലോ. ഈ ലോക ജീവിതത്തിന്റെ ആകുലതകളും ഉത്കണ്ഠകളും വെടിഞ്ഞ്, എന്റെ രക്ഷയ്ക്കുതകുന്ന



തുമാത്രമേ എന്റെ കർത്താവ് എനിക്ക് തരുകയുള്ളു എന്നുള്ള ജീവദായക വിശ്വാസം എനിക്കു നല്കണമേ. ജീവിതത്തിന്റെ എല്ലാ പ്രതിസന്ധികളിലും മനസ്സുപതറാതെ, അൽഫോൻസാമ്മയെപ്പോലെ, "കർത്താവ് എന്റെ ഇടയനാകുന്നു, എനിക്കൊന്നിനും കുറവുണ്ടാകയില്ല" എന്ന ദൃഢവിശ്വാസത്തോടെ അങ്ങിൽ മാത്രം ആശ്രയിച്ച്, ദൈവഹിതത്തിന് വിധേയപ്പെട്ട് ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും

ആമ്മേൻ

*(തുടർന്ന് കാറോസൂസാ, സമാപനപ്രാർത്ഥന)*

# മൂന്നാം ദിവസം

## ദൈവസ്നേഹം

**പ്രാരംഭം:** ആഘോഷാവസരങ്ങളിലെ പ്രാർത്ഥനകൾ പേജ് 8 മുതൽ 13 വരെ

ദൈവവചനമായ മിശിഹായേ, സജീവവും ജീവദായകവുമായ അങ്ങയുടെ വചനങ്ങൾ ഗ്രഹിക്കുവാൻ ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കണമേ. അതുവഴി ഞങ്ങൾ സൽഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ജീവനും രക്ഷയും പ്രാപിക്കുന്നവരും ആയിത്തീരട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും

ആമ്മേൻ



ലേഖനം - റോമാ. 8/31-39

സുവിശേഷം - യോഹ. 15/1-17

(ഒരു മിനിറ്റ് വചന മനനം)

നിത്യജീവൻ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ, ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കണമെന്ന് അരുളിച്ചെയ്ത കർത്താവേ, സമ്പൂർണ്ണമായ ദൈവസ്നേഹം ഞങ്ങളിൽ ഉളവാക്കണമേ. രോഗത്തിന്റെ അസ്വസ്ഥതകളാൽ ഉറങ്ങാൻ പറ്റാത്ത അവസരങ്ങളിൽപ്പോലും ''ഞാൻ എന്റെ ഈശോയെ സ്നേഹിക്കുകയാണ്'' എന്നു പറഞ്ഞ അൽഫോൻസാമ്മയുടെ ജീവിതം



ഞങ്ങൾക്ക് പ്രചോദനമായിത്തീരട്ടെ. തിരുവചനത്തിന്റെ മുമ്പിൽ തന്റെ ഹൃദയാഭിലാഷങ്ങളെ അടിയറവച്ചുകൊണ്ട് അങ്ങേ സ്നേഹാഗ്നിജ്വാലയിലെ ഒരു കണികയായി മാറുവാൻ ആഗ്രഹിച്ച അൽഫോൻസാമ്മയെപ്പോലെ ഞങ്ങളുടെ ജീവിതത്തിൽ വചനത്തിനനുസൃതമായ മാനസാന്തരം വരുത്തിക്കൊണ്ട് അവിടുത്തെ സ്നേഹത്തിന്റെ ആഴം രുചിച്ചറിയുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും

ആമ്മേൻ

*(തുടർന്ന് കാറോസൂസ, സമാപന പ്രാർത്ഥന)*

# നാലാം ദിവസം

## <u>പരസ്നേഹം</u>

**പ്രാരംഭം:** ആഘോഷാവസരങ്ങളിലെ പ്രാർത്ഥനകൾ പേജ് 8 മുതൽ 13 വരെ

ദൈവവചനമായ മിശിഹായേ, സജീവവും ജീവദായകവുമായ അങ്ങയുടെ വചനങ്ങൾ ഗ്രഹിക്കുവാൻ ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കേണമേ. അതുവഴി ഞങ്ങൾ സത്ഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ജീവനും രക്ഷയും പ്രാപിക്കുന്നവരുമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും

ആമ്മേൻ



ലേഖനം 1 യോഹ 3/1124

സുവിശേഷം - ലൂക്കാ 10/25-37

(ഒരുമിനിറ്റ് വചന മനനം)

"ഞാൻ നിങ്ങൾക്ക് ഒരു പുതിയ കല്പന തരുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ, നിങ്ങളുടെ പരസ്പരസ്നേഹം കണ്ട് നിങ്ങൾ എന്റെ ശിഷ്യരാണെന്ന് ലോകം അറിയട്ടെ" എന്നരുളിച്ചെയ്ത ഈശോനാഥാ, സ്വയം പരിത്യജിച്ചുകൊണ്ട് എന്റെ കുടുംബത്തിലും എന്റെ പ്രവർത്തന മണ്ഡലങ്ങളിലും അങ്ങയുടെ സ്നേഹത്തിന് സാക്ഷ്യം വഹിക്കുവാൻ എന്നെ ശക്തിപ്പെടുത്തണമേ.



തന്നെ ദ്രോഹിച്ചവർക്കുവേണ്ടി പരിഹാരം ചെയ്ത് പ്രാർത്ഥിക്കുകയും അവരോടു കരുതലുള്ള സ്നേഹം കാണിക്കുകയും ചെയ്ത അൽഫോൻസാമ്മയെപ്പോലെ, തിരിച്ചു കിട്ടുമെന്നുള്ള പ്രതീക്ഷ കൂടാതെ മറ്റുള്ളവർക്കു നന്മ ചെയ്യുവാനും ക്ഷമിക്കുന്ന സ്നേഹത്തിലൂടെ അങ്ങയുടെ സ്നേഹം പകർന്നു നല്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

ആമ്മേൻ.

*(തുടർന്ന് കാറോസൂസാ,സമാപന പ്രാർത്ഥന)*

# അഞ്ചാം ദിവസം

## വിനയം

**പ്രാരംഭം:** ആഘോഷാവസരങ്ങളിലെ പ്രാർത്ഥനകൾ പേജ് 8 മുതൽ 13 വരെ

ദൈവവചനമായ മിശിഹായേ, സജീവവും ജീവദായകവുമായ അങ്ങയുടെ വചനങ്ങൾ ഗ്രഹിക്കുവാൻ ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കേണമേ. അതുവഴി ഞങ്ങൾ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ജീവനും രക്ഷയും പ്രാപിക്കുന്നവരുമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും

ആമ്മേൻ.

ലേഖനം - ഫിലി: 2/5-10



സുവിശേഷം - ലൂക്കാ. 14/7-11

(ഒരു മിനിറ്റിൽ വചനമനനം)

"ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണ്, നിങ്ങൾ എന്നിൽ നിന്ന് പഠിക്കുവിൻ" എന്നരുളിച്ചെയ്ത ഈശോയേ, ഹൃദയ താഴ്മയുടെ പാഠം ഞങ്ങളെ പഠിപ്പിക്കണമേ. നല്ല ഈശോയേ, അൽഫോൻസാമ്മയെ അനുകരിച്ചു ഞങ്ങളും പ്രാർത്ഥിക്കുന്നു, സ്നേഹിക്കപ്പെടുവാനും വിലമതിക്കപ്പെടുവാനുമുള്ള ആഗ്രഹങ്ങളിൽ നിന്ന് ഞങ്ങളെ വിമുക്തരാക്കണമേ. കീർത്തിയും ബഹുമാനവും സമ്പാദിക്കണമെന്നുള്ള ദുഷിച്ച ഉദ്യമത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങൾക്കുള്ളതെല്ലാം അങ്ങയുടെ വലിയ



കൃപാദാനമാണെന്നുള്ള ഉറച്ച ബോധ്യത്തോടെ, ഞങ്ങളുടെ സമയവും സമ്പത്തും കഴിവുകളുമെല്ലാം മറ്റുള്ളവരുടെ നന്മയ്ക്കും വളർച്ചയ്ക്കുമായി ഉപയോഗിക്കുവാൻ സഹായിക്കണമേ. അധികാരികളിൽ അങ്ങയെ ദർശിക്കുവാനും അവരെ അനുസരിക്കുവാനും അംഗീകരിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. യഥാർത്ഥമായ വിനയത്തിലും സത്യത്തിലും നീതിയിലും ജീവിച്ച് സ്വർഗ്ഗീയ ജീവിതത്തിന് അർഹരാകുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും

ആമ്മേൻ

*(തുടർന്ന് കാറോസൂസാ,സമാപന പ്രാർത്ഥന)*

# ആറാം ദിവസം

**ദൈവസാന്നിദ്ധ്യാവബോധം**

**പ്രാരംഭം:** ആഘോഷാവവസരങ്ങളിലെ പ്രാർത്ഥനകൾ പേജ് 8 മുതൽ 13 വരെ

ദൈവവചനമായ മിശിഹായേ, സജീവവും ജീവദായകവുമായ അങ്ങയുടെ വചനങ്ങൾ ഗ്രഹിക്കുവാൻ ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കേണമേ. അതുവഴി ഞങ്ങൾ സത്ഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ജീവനും രക്ഷയും പ്രാപിക്കുന്നവരുമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും

ആമ്മേൻ

ലേഖനം - റോമാ 10/8-13



സുവിശേഷം - ലൂക്കാ 12/22-32

(ഒരുമിനിറ്റ് വചനമനനം)

ലോകാവസാനംവരെ മനുഷ്യമക്കളോടുകൂടെ ആയിരിക്കുവാൻ വേണ്ടി, പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നല്കുകയും പരിശുദ്ധ കുർബാന സ്ഥാപിക്കുകയും ചെയ്ത ഈശോനാഥാ, അങ്ങയുടെ അനന്തമായ സ്നേഹത്തിനും പരിപാലനയ്ക്കും ഞങ്ങൾ നന്ദിപറയുന്നു. 'എന്റെ കർത്താവ് അറിയാതെ എനിക്ക് ഒന്നും സംഭവിക്കുകയില്ല' എന്ന ദൃഢവിശ്വാസത്തോടെ എല്ലാ പ്രതികൂലസാഹചര്യങ്ങളെയും സന്തോഷപൂർവ്വം സ്വീകരിച്ച് സ്വർഗ്ഗീയമാക്കി മാറ്റിയ



അൽഫോൻസാമ്മയെപ്പോലെ, ദൈവിക പദ്ധതികൾ തിരിച്ചറിഞ്ഞ്, ജീവിതപ്രശ്നങ്ങളിൽ, അടിപതറാതെ നിന്നിൽ പൂർണ്ണമായി അഭയം കണ്ടെത്തുവാൻ ഞങ്ങളെ സഹായിക്കണമേ. കടന്നുവരുന്ന ഓരോ നിമിഷത്തെയും അങ്ങയുടെ സാന്നിദ്ധ്യാവബോധത്താൽ വിശുദ്ധീകരിച്ചുകൊണ്ട് പുണ്യവഴിയിൽ നടക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും

ആമ്മേൻ

*(തുടർന്ന് കാറോസൂസാ, സമാപനപ്രാർത്ഥന)*

# ഏഴാം ദിവസം

## ദൈവത്തിലുള്ള പ്രത്യാശ

**പ്രാരംഭം** : ആഘോഷാവസരങ്ങളിലെ പ്രാർത്ഥനകൾ പേജ് 8 മുതൽ 13 വരെ

ദൈവവചനമായ മിശിഹായേ, സജീവവും ജീവദായകവുമായ അങ്ങയുടെ വചനങ്ങൾ ഗ്രഹിക്കുവാൻ ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കേണമേ. അതുവഴി ഞങ്ങൾ സത്ഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ജീവനും രക്ഷയും പ്രാപിക്കുന്നവരുമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും

ആമ്മേൻ

ലേഖനം - ഹെബ്രാ 10/19-24



സുവിശേഷം - മത്താ. 7/7-12

(ഒരു മിനിറ്റ് വചന മനനം)

"നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവു പുത്രനിൽ മഹത്ത്വപ്പെടുവാൻവേണ്ടി ഞാൻ പ്രവർത്തിക്കും" എന്നരുളിച്ചെയ്ത കർത്താവായ ഈശോയേ, അങ്ങയുടെ വാഗ്ദാനത്തിൽ ഞങ്ങൾ പരിപൂർണ്ണമായി വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. "എന്റെ കർത്താവിന്റെ കരങ്ങളിലൂടെ എന്തു ലഭിച്ചാലും അതെല്ലാം എന്നെ സന്തോഷിപ്പിക്കും" എന്ന് ഉദ്ഘോഷിച്ചുകൊണ്ടു ജീവിച്ച അൽഫോൻസാമ്മയെപ്പോലെ, എല്ലാ അനുഭവങ്ങളിലും ദൈവകരം ദർശിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന പരാജയങ്ങളിലും ദുഃഖങ്ങളിലും നിരാശരാകാതെ അങ്ങിലുള്ള പ്രത്യാശയിൽ വളരുവാൻ പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ ഞങ്ങളെ ശക്തിപ്പെടുത്തണമേ. കണ്ണ് കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഹൃദയം ആസ്വദിച്ചിട്ടില്ലാത്തതും ആയ സ്വർഗ്ഗീയ മഹത്ത്വം പ്രാപിക്കാമെന്ന പ്രത്യാശയിൽ സദാപി ഞങ്ങളുടെ ജീവിതത്തെ ക്രമപ്പെടുത്തുവാൻ സഹായിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.



ആമ്മേൻ

*(തുടർന്ന് കാറോസൂസാ, സമാപന പ്രാർത്ഥന)*

# എട്ടാംദിവസം

**ദൈവമാതൃഭക്തി**

**പ്രാരംഭം** : ആഘോഷാവസരങ്ങളിലെ പ്രാർത്ഥനകൾ പേജ് 8 മുതൽ 13 വരെ

ദൈവവചനമായ മിശിഹായേ, സജീവവും ജീവദായകവുമായ അങ്ങയുടെ വചനങ്ങൾ ഗ്രഹിക്കുവാൻ ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കേണമേ. അതുവഴി ഞങ്ങൾ സത്ഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ജീവനും രക്ഷയും പ്രാപിക്കുന്നവരുമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും

ആമ്മേൻ



നടപടി 1/12-14

സുവിശേഷം - യോഹ. 19/25-27

(ഒരു മിനിറ്റ് വചന മനനം)

"ഇതാ നിന്റെ അമ്മ" എന്ന് യോഹന്നാനോട് അരുളിച്ചെയ്തുകൊണ്ട് പ്രിയ മാതാവിനെ ലോകത്തിനു മുഴുവനും അമ്മയായി നല്കിയ ഈശോയേ, അങ്ങേക്ക് നന്ദി പറഞ്ഞ് സ്തുതിച്ചാരാധിക്കുന്നു. ചെറുപ്പകാലംമുതൽ പരിശുദ്ധ അമ്മയോടുള്ള ഭക്തിയിലും സ്നേഹത്തിലും വളരെ ആഴപ്പെട്ട ജീവിതം നയിച്ച അൽഫോൻസാമ്മയെപ്പോലെ ദൈവമാതൃഭക്തിയിൽ വളരുവാൻ ഞങ്ങളെ സഹായിക്കണമേ. പരിശുദ്ധ അമ്മേ, നസ്രത്തിലെ കുടുംബത്തെ അവിടുന്ന് സംരക്ഷിക്കുകയും നയിക്കുകയും ചെയ്തതു



പോലെ ഞങ്ങളുടെ കുടുംബങ്ങളെ വിശുദ്ധിയിൽ വളർത്തുവാൻ ഞങ്ങളോടൊപ്പം ഉണ്ടായിരിക്കണമേ. എല്ലാവിധ അപകടങ്ങളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കണമേ. കാനായിലെ കല്യാണവിരുന്നിൽ മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ ഞങ്ങളുടെ അനുദിനാവശ്യങ്ങളിൽ ദൈവസന്നിധിയിൽ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ. ഈലോകജീവിതശേഷം സ്വർഗ്ഗത്തിൽ അങ്ങയോടൊത്ത് ദൈവത്തെ പാടിപ്പുകഴ്ത്തുവാൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

ആമ്മേൻ

*(തുടർന്ന് കാറോസൂസാ, സമാപനപ്രാർത്ഥന)*

# ഒൻപതാം ദിവസം

## സ്വർഗ്ഗോന്മുഖ ജീവിതം

**പ്രാരംഭം:** ആഘോഷാവസരങ്ങളിലെ പ്രാർത്ഥനകൾ പേജ് 8 മുതൽ 13 വരെ

ദൈവവചനമായ മിശിഹായേ, സജീവവും ജീവദായകവുമായ അങ്ങയുടെ വചനങ്ങൾ ഗ്രഹിക്കുവാൻ ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കേണമേ. അതുവഴി ഞങ്ങൾ സത്ഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ജീവനും രക്ഷയും പ്രാപിക്കുന്നവരുമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും

ആമ്മേൻ

ലേഖനം 1 പത്രോ 1/13-25



സുവിശേഷം - യോഹ. 14/1-7

(ഒരു മിനിറ്റ് വചന മനനം)

"ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ നിങ്ങൾക്കായി വാസസ്ഥലമൊരുക്കുവാൻ പോകുന്നു" എന്നു അരുളി ചെയ്തുകൊണ്ട് പിതാവിന്റെ പക്കലേയ്ക്ക് പോയ മിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. അങ്ങു ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ സങ്കേതത്തിൽ ഞങ്ങളും എത്തിച്ചേരുവാൻ ആഗ്രഹിക്കുന്നു. സുവിശേഷത്തിലെ ബുദ്ധിയുള്ള കന്യകമാരെപ്പോലെ വിശുദ്ധിയുടെ നിറദീപവുമായി, മണവാളനെ കാത്തിരുന്ന്, സ്വർഗ്ഗകിരീടം സ്വന്തമാക്കിയ അൽഫോൻസാമ്മയെപ്പോലെ



കർത്താവുമായി എപ്പോഴും സ്നേഹത്തിൽ ഐക്യപ്പെട്ടു ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഈ ലോകത്തിന് അനുരൂപരാകാതെ, മനസ്സിന്റെ നിരന്തരമായ നവീകരണം വഴി സ്വർഗ്ഗോന്മുഖമായ ജീവിതം നയിക്കുവാനും നല്ലമരണം പ്രാപിച്ച് സ്വർഗ്ഗത്തിൽ സകലവിശുദ്ധരോടും മാലാഖാമാരോടുംകൂടെ അനവരതം ദൈവത്തെ പാടിപ്പുകഴ്ത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും

ആമ്മേൻ

*(തുടർന്ന് കാറോസൂസാ, സമാപന പ്രാർത്ഥന)*

## മദ്ധ്യസ്ഥ പ്രാർത്ഥന
## സാധാരണദിവസങ്ങളിൽ

### പ്രാരംഭഗാനം

(*അദ്ധ്വാനിക്കുന്നവർക്കും എ.മ.*)

അൽഫോൻസാമ്മയെ നിത്യം
അത്ഭുത സിദ്ധി നല്കി
ആദരിച്ച ദൈവമേ
വാഴ്ത്തുന്നു നിന്നെ ഞങ്ങൾ

അൽഫോൻസാമ്മ വഴിയായ്
അർത്ഥിക്കും ദാസർക്കായ് നീ
ദാനങ്ങൾ വർഷിച്ചാലും
സ്നേഹേശാ, ഈശോ നാഥാ..

(അൽഫോൻസാമ്മയെ.....)

പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ, അങ്ങയുടെ ദാനങ്ങൾ നല്കി ഞങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കണമേ. സ്വർഗ്ഗരാജ്യ



ത്തെക്കുറിച്ചുള്ള പ്രത്യാശയാൽ ഞങ്ങളെ നയിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളെ ദൈവസ്നേഹാഗ്നിയാൽ ജ്വലിപ്പിക്കണമേ. അൽഫോൻസാമ്മയെ വിശുദ്ധ മാർഗ്ഗത്തിലൂടെ അങ്ങു നയിച്ചതുപോലെ ഞങ്ങളെയും നേർവഴി കാട്ടി നടത്തണമേ. എളിമയിലും വിനയത്തിലും വിശ്വസ്തതയോടെ അങ്ങേക്കു ശുശ്രൂഷ ചെയ്തുകൊണ്ട്, വിശുദ്ധിയിലും വിവേകത്തിലും വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ.

നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടെ, കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ, എന്നപേക്ഷിക്കാം.

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.



പുണ്യചരിതയായ അൽഫോൻസാമ്മയെ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തിയ കർത്താവേ, പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും അരൂപിയാൽ ഞങ്ങളെ നിറയ്ക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ഞങ്ങളുടെ.....

പാപികളായ ഞങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ച കർത്താവേ, അങ്ങേക്കുവേണ്ടി സ്വയം ബലിവസ്തുവായി ഹോമിക്കപ്പെടുവാൻ അഭിലഷിച്ച വിശുദ്ധ അൽഫോൻസായെ അനുകരിച്ചുകൊണ്ട് ഞങ്ങളുടെ ജീവിതത്തെ ഒരു നിരന്തര ബലിയായി അങ്ങേയ്ക്കർപ്പിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ഞങ്ങളുടെ....

സഹനവും ത്യാഗവും വഴി അങ്ങേക്കു സാക്ഷ്യം വഹിച്ച വിശുദ്ധ അൽഫോൻസായെപ്പോലെ ഞങ്ങളുടെ എല്ലാ ജീവിതക്ലേശങ്ങളിലും ദുഃഖങ്ങളിലും സ്നേഹ പിതാവായ അങ്ങയുടെ തൃക്കരം ദർശിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ഞങ്ങളുടെ.....

വേദനയുടെ പാരമ്യത്തിൽപ്പോലും, "എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നിറവേറട്ടെ" എന്നു പ്രാർത്ഥിച്ച കർത്താവേ, അങ്ങയുടെ മാതൃക സ്വജീവിതത്തിൽ പകർത്തിയ അൽഫോൻസാമ്മയെ അനുകരിച്ച്, എല്ലാ ജീവിത സാഹചര്യങ്ങളിലും അങ്ങയുടെ അഭീഷ്ടം നിറവേറ്റുവാനും മേലധികാരികളിൽ അങ്ങയെ ദർശിക്കുവാനും ഞങ്ങളെ



പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ഞങ്ങളുടെ....

## നമുക്ക് പ്രാർത്ഥിക്കാം

കാരുണ്യവാനും അനുഗ്രഹ സമ്പന്നനുമായ ദൈവമേ, ഞങ്ങളെ മുഴുവനായി ഞങ്ങൾ അങ്ങേക്ക് സമർപ്പിക്കുന്നു. ഞങ്ങളുടെമേൽ അങ്ങു വർഷിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ. വിശുദ്ധ അൽഫോൻസായെ ഞങ്ങൾക്ക് മാതൃകയും മദ്ധ്യസ്ഥയുമായി നൽകിയ കർത്താവേ, അവളുടെ മാദ്ധ്യസ്ഥ്യം തേടുന്ന ഞങ്ങളെ ആത്മീയവും ശാരീരികവുമായ എല്ലാ അപകടങ്ങളിൽ നിന്നും രക്ഷിക്കുകയും അങ്ങയുടെ അനുഗ്രഹദാനങ്ങളാൽ നിറയ്ക്കുകയും ചെയ്യണമെന്ന് ഞങ്ങൾ



പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും

ആമ്മേൻ.

## സമാപനഗാനം

*(യേരുശലേമിലെ വൻമലമേൽ എ.മ.)*

ഈശോതൻ പ്രിയദാസി അൽഫോൻസാ
സഹനത്തിൻ സാക്ഷിയാം അൽഫോൻസാ
വിശുദ്ധിതൻ പരിമളസൂനമതായ്
വിളങ്ങിടുന്നമ്മേ സമർപ്പിക്കുന്നേൻ

അൽഫോൻസാമ്മേ പ്രാർത്ഥിക്കണേ
ഈശോതൻ സവിധേ ഞങ്ങൾക്കായ്

ഗോതമ്പുമണിപോൽ അഴിയാനും
സ്നേഹത്തിൽ പുതുജീവൻ പകരാനും
ജീവിതക്ലേശങ്ങൾ സമചിത്തരായ്
നേരിടാനും കൃപ ചൊരിയണമേ

അൽഫോൻസാമ്മേ....
ഈശോതൻസവിധേ.....

## അൽഫോൻസാ സൂക്തങ്ങൾ

1. കഠിനവേദനകളിലും വലിയ പരീക്ഷണങ്ങളിലും മണവാളനോടുള്ള സ്നേഹബന്ധത്തിൽ എന്നെ ഉറപ്പിച്ചു നിർത്തിയത് കുരിശിൻ ചുവട്ടിലെ സ്ത്രീയാണ്.

2. മനസ്സറിവോടെ ഒരു നിസ്സാരപാപം പോലും ചെയ്ത് ദൈവത്തെ ഉപദ്രവിക്കുന്നതിനെക്കാൾ മരിക്കുന്നതാണ് എനിക്കിഷ്ടം.

3. എനിക്ക് ഏറ്റവും പ്രിയങ്കരമായ ഭോജനം വിശുദ്ധ കുർബാനയാണ്. ഞാനാണ് ജീവന്റെ അപ്പം എന്നരുളിയ ദിവ്യനാഥൻ എന്റെ ഉള്ളിൽ ആഗതനാകുമ്പോഴെല്ലാം അവാച്യമായ ആനന്ദം ഞാൻ അനുഭവിക്കുന്നു.

4. എന്നെ മുഴുവനും ഞാൻ കർത്താവിന് വിട്ടുകൊടുത്തിരിക്കുകയാണ്; അവിടുന്ന് ഇഷ്ടം പോലെ ചെയ്തുകൊള്ളട്ടെ.

5. പുഞ്ചിരി ഒരു തിരിവെട്ടമാണ്; സങ്കടപ്പെടുന്നവരുടെ മുഖത്തേയ്ക്ക് നോക്കി കരുണയോടെ ഞാൻ പുഞ്ചിരിക്കും.



6. എളിമയാണ് സുകൃതങ്ങളുടെ രാജ്ഞി; എളിമപ്പെടാൻ ലഭിക്കുന്ന ഏതൊരവസരവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നു.

7. തെറ്റിൽ ഉൾപ്പെടുന്ന ഓരോ പ്രാവശ്യവും, തെറ്റ് എത്ര ലഘുവായിരുന്നാൽപ്പോലും, എന്തെങ്കിലും പ്രായശ്ചിത്തം ഞാൻ സ്വമേധയാ ചെയ്യും; ഇതാണ് തെറ്റിൽനിന്ന് പിന്തിരിയാനുള്ള എളുപ്പവഴി.

8. എല്ലാ വേദനകളും ഈശോയുടെ തിരുഹൃദയത്തിൽ സമർപ്പിക്കുമ്പോൾ കൈവരുന്ന സന്തോഷം എത്രയോ വലുതാണ്!

9. ദൈവസ്നേഹമുണ്ടെങ്കിൽ പരസ്നേഹമുണ്ട്- പൂവും പൂമ്പൊടിയുമെന്നപോലെ.

10. ലുബ്ധൻ പണം ചെലവാക്കുന്നതിനെക്കാൾ സൂക്ഷ്മതയോടെ ആയിരിക്കണം നാം വാക്കുകൾ ഉപയോഗിക്കുക.

11. കൊടുക്കുന്നതിലാണ് എനിക്കു സന്തോഷം, ലഭിക്കുന്നതിലല്ല. മുഖസ്തുതി പറയുന്നവരിൽനിന്ന് ഞാൻ ഓടിയകലും.



12. എന്നെ മുഴുവനും സ്നേഹത്തിന്റെയും പരിഹാരത്തിന്റെയും ഒരു ബലിവസ്തുവായി ഈശോയ്ക്ക് ഞാൻ സമർപ്പിക്കുന്നു.

13. ഈശോ എന്ന തിരുനാമം ഉച്ചരിക്കുന്നത് എന്റെ നാവിന് ഏറെ മധുരമാണ്.

14. കർത്താവിനോട് എപ്പോഴും വിശ്വസ്തയായിരിക്കാൻ ഞാൻ ആഗ്രഹിച്ചു; അതിനായി ശ്രമിച്ചു. വാക്കുമാറുന്നതിനെക്കാൾ മരിക്കുന്നതാണ് എനിക്ക് ഇഷ്ടം.

15. ആഗ്രഹത്തിനു വിരുദ്ധമായി വരുന്നതെല്ലാം നന്നായി സഹിച്ച് കർത്താവിന് കാഴ്ച കൊടുക്കണം.

16. സ്നേഹത്തെ പ്രതി ദുരിതങ്ങൾ സഹിക്കുക; അതിൽ സന്തോഷിക്കുകയും ചെയ്യുക. ഇതുമാത്രമേ ഇഹത്തിൽ ഞാൻ ആഗ്രഹിക്കുന്നുള്ളൂ; ലോകസന്തോഷങ്ങളൊന്നും എനിക്കായിട്ടുള്ളതല്ലായെന്ന് എനിക്ക് പൂർണ്ണബോധ്യമുണ്ട്.

17. ഒന്നും ഓർത്ത് നമ്മൾ ദുഃഖിക്കേണ്ടതില്ല, കർത്താവ് എപ്പോഴും നമ്മോടുകൂടെയുണ്ട്.

18. എനിക്ക് എന്റെ ഈശോയെ മാത്രം മതി; മറ്റൊന്നും എനിക്ക് വേണ്ട. പറഞ്ഞറിയിക്കാൻ വയ്യാത്ത മാധുര്യമായ എന്റെ ഈശോയേ, ലോക സന്തോഷങ്ങളെല്ലാം എനിക്ക് കയ്പായി പകർത്തണമേ എന്നതാണ് എന്റെ നിരന്തരമായ പ്രാർത്ഥന.

19. മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം ഇതുവരെയും നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കാനുള്ള അനുഗ്രഹം ദൈവം എനിക്ക് പ്രദാനം ചെയ്തു.

20. കുരിശു തന്നാണ് ഈശോ സ്നേഹിക്കുന്നത്. സ്നേഹിക്കുന്നവർക്കാണ് കൂടുതൽ കുരിശുകളും സങ്കടങ്ങളും അവിടുന്ന് നൽകുക. സഹിക്കുന്നത് എനിക്ക് സന്തോഷമാണ്; സഹിക്കാൻ ലഭിക്കാത്ത ദിവസം ശൂന്യമായിട്ടാണ് എനിക്കു തോന്നുന്നത്.

21. എന്റെ കർത്താവ് അറിയാതെ എനിക്ക് ഒന്നും സംഭവിക്കുകയില്ല എന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്.



22. എന്തെല്ലാം കഷ്ടപ്പാടുകളുണ്ടായാലും ഞാൻ ഒരിക്കലും ആവലാതി പറയുകയില്ല.

23. എന്റെ ആത്മനാഥൻ കുരിശിലല്ലേ മരിച്ചത്?! എനിക്കും സഹനങ്ങളുടെ കുരിശിൽ മരിക്കണം.

24. കുരിശിൻ ചുവട്ടിൽ നിന്നവർപോലും കരുണയില്ലാതെ ഈശോയെ നിന്ദിക്കുകയല്ലേ ചെയ്തത്. എനിക്കാകട്ടെ ആശ്വസിപ്പിക്കാനും ശുശ്രൂഷിക്കാനും സഹതപിക്കാനും എത്രയോ പേർ അടുത്തുണ്ട്! ഞാൻ ഈശോയുടെ മണവാട്ടിയല്ലേ. മണവാളന്റെ വേദനകൾ ഓർക്കുമ്പോൾ എന്റേത് എത്ര നിസ്സാരം!

25. സ്വർഗ്ഗത്തിൽ എനിക്ക് സ്നേഹമുള്ള ഒരമ്മയുണ്ട്; ആ അമ്മയെക്കുറിച്ച് പറയുമ്പോൾ സന്തോഷംകൊണ്ട് എന്റെ കണ്ണുനിറയും.

26. കഷായം തരുന്ന കർത്താവുതന്നെ പഞ്ചസാരയും തരും. പാരവശ്യത്തിനുശേഷം ഉണ്ടാകുന്ന ആനന്ദമോർക്കുമ്പോൾ പാരവശ്യം നീങ്ങിക്കിട്ടുന്നതിനായി പ്രാർത്ഥിക്കുവാൻ തോന്നുകയില്ല.



27. മുന്തിരിപ്പഴങ്ങൾ ചക്കിലിട്ടു ഞെരിച്ച് കിട്ടുന്ന ചാറ് സംഭരിച്ചുവച്ചു ശുദ്ധീകരിക്കുമ്പോൾ വീര്യമുള്ള വീഞ്ഞ് കിട്ടുന്നു. അതുപോലെ വേദനകൾകൊണ്ടു ശുദ്ധീകരിക്കപ്പെടുമ്പോൾ നാം ആത്മവീര്യമുള്ളവരാകുന്നു.

28. ആരും അറിയാതെ നോമ്പു നോക്കുക, അത് മനസ്സിന് ശക്തി പകരും.

29. ഞാൻ ഏതുകാര്യം അപേക്ഷിച്ചാലും എന്റെ നല്ലദൈവം ഒരിക്കൽപ്പോലും എന്റെ അപേക്ഷ സാധിച്ചുതരാതിരുന്നിട്ടില്ല.

30. അധികാരികൾ എന്തു തീരുമാനിക്കുന്നുവോ, അത് എന്നെ സംബന്ധിച്ചുള്ള ദൈവതിരുമനസ്സായി ഞാൻ കണക്കാക്കുന്നു.

31. ഞാൻ സഹനത്തിന്റെ പുത്രിയാണ്; സഹനവും ത്യാഗവുമാകുന്ന കല്ലുകൾകൊണ്ടാണ് സ്വർഗ്ഗത്തിൽ നമുക്കായി മാളികകൾ പണിയുന്നത്.

32. എനിക്കുള്ളത് ഒരു സ്നേഹപ്രകൃതമാണ്; എന്റെ ഹൃദയം മുഴുവനും സ്നേഹമാ

ണ്. ആരെയും വെറുക്കാൻ എനിക്ക് കഴിയുക യില്ല.

33. കർത്താവിന്റെ കുരിശിന്റെ ഓഹരി എനിക്കുണ്ട്; ഞാൻ അവിടുത്തോടുകൂടെ കുരിശിലാണ്. ഈ ഭാഗ്യം എല്ലാവർക്കും ഉള്ളതാണോ?! അതുകൊണ്ട്, ഞാൻ മിടുക്കിയാണ്.

34. ഞാൻ അപേക്ഷിച്ചാൽ കുരിശുകൾ മാത്രമേ ലഭിക്കുകയുള്ളൂ; അവ സഹിക്കാൻ സന്നദ്ധതയുണ്ടെങ്കിൽ മാത്രം നിങ്ങൾ എന്റെ പ്രാർത്ഥന തേടിയാൽ മതി.

35. സുകൃതങ്ങളുടെ പരിമളച്ചെപ്പ് നമുക്ക് അടച്ചു സൂക്ഷിക്കാം; എല്ലാം ഈശോ മാത്രം അറിഞ്ഞാൽ മതി.

36. ഭാരക്കുറവുള്ള പക്ഷികൾക്ക് വളരെ വേഗത്തിൽ പറന്നുയരാൻ സാധിക്കുമല്ലോ. ചില പക്ഷികൾ പറന്നാൽ ചിറകടിക്കുന്ന ശബ്ദം പോലും കേൾക്കുകയില്ല. ഞാനും അതുപോലെ പറന്നുപോയി എന്റെ മണവാളന്റെ മടിയിൽ അഭയം പ്രാപിക്കും.



## പ്രത്യേകശ്രദ്ധയ്ക്ക്

## കുർബാന സമയം

**ശനിയാഴ്ച** 8.15 am , 11, am 3.pm

8.15 am

6.30 am , 11.am

(ജൂലൈ 19 മുതൽ 28 വരെ) 8 am, 11 am, 4 pm,

വി. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങളുടെ റിപ്പോർട്ട്, കുർബാനപ്പണം, നേർച്ചപ്പണം, മുതലായവ അയയ്ക്കേണ്ട വിലാസം.

**St. Alphonsa Church**
Bharananganam P.O., Kottayam Dt.
Kerala - 686 578, India Phone: 04822 - 236244
Email: postulator@alphonsa.net
website : www.alphonsa.net, www.alphonsamma.org